## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1134** **30.09.2016** -ൽ മറുപടിക്ക്

**തൃപ്പൂണിത്തുറ ഹിൽപാലസിനെ സാംസ്കാരിക സമുച്ചയമാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ ഹിൽപാലസ് നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) യും (ബി) യും | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽ പാലസ് പുരാവസ്തു മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ നിലവിൽ Setting up, promotion and strengthening of regional and local Museums എന്ന കേന്ദ്ര സർക്കാർ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതി തുകയായ **6,91,62000/-** (ആറ് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപയിൽ പരാമവധി 5 കോടി രൂപ കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി **2** കോടി **50** ലക്ഷം രൂപയും കേരള സർക്കാർ **62,50,000/-** (അറുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 'കേരളം മ്യൂസിയം' വഴിയാണ്. കൂടാതെ ഹിൽ പാലസിനെ ഒരു സാംസ്കാരിക സമുച്ചയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ wireless communication system, Battery operated Vehicle എന്നിവയും നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. |
| (ബി) | ഇവിടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തി ഒരു സാംസ്കാരിക സമുച്ചയമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**